SUPRABHATHAM - 24-07-2024

# മത്സ്യസംസ്കരണ മൂല്യവർധന മേഖലയിലെ സംരംഭകത്വ വഴികൾ; ശിൽപശാല നടത്തി

**കൊച്ചി** ▸ രാജ്യത്തെ വിവിധ സർവകലാശാല, കോളജ് വിദ്യാർഥികൾക്കായി മത്സ്യസംസ്കരണ മൂല്യവർധന മേഖലയിലെ സംരംഭകത്വ വഴികൾ വിഷയത്തിൽ ശിൽപശാലയ്ക്ക് കൊച്ചിയിലെ കേന്ദ്ര മത്സ്യ സാങ്കേതിക ഗവേഷണ സ്ഥാപനം ഐ.സി.എ.ആർ സിഫ്റ്റിൽ തുടക്കമായി. ന്യൂഡൽഹിയിലെ സയൻസ് ആൻഡ് ടെക്നോളജി വിഭാഗം സെർബിന്റെ (സയൻസ് ആൻഡ് എഞ്ചിനീയറിങ് റിസർച്ച് ബോർഡ്) ആക്സിലറേറ്റ് വിഗ്യാൻ പദ്ധതിയുടെ കീഴിലാണ് സിഫ്റ്റിലെ ഫിഷ് പ്രോസസിങ് വിഭാഗവും സോണൽ ടെക്നോളജി മാനേജ്മെന്റ് അഗ്രിബിസിനസ് ഇൻകുബേഷൻ സെന്ററും ചേർന്ന് ഏഴ് ദിവസത്തെ ശിൽപശാല സംഘടിപ്പിക്കുന്നത്.

ഡോ. ജെ. ബിന്ദു, ഡോ. സി.ഒ മോഹൻ, ഡോ. എസ്. രമ്യ സംസാരിച്ചു. മത്സ്യ സംസ്കരണത്തിലും മൂല്യവർധനയിലുമുള്ള സംരംഭകത്വ സാധ്യതകൾ, മനുഷ്യന്റെ ഉപജീവനത്തിനും പോഷക സുരക്ഷയ്ക്കും മത്സ്യത്തിന്റെ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളിലുള്ള വിവിധ സെഷനുകൾ സിഫ്റ്റിലെ ശാസ്ത്രജ്ഞരും ഫിഷറീസ് മേഖലയിലെ പ്രഗൽഭരും നയിക്കും.